## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 451

22.07.2015 ൽ മറുപടിക്ക്.

### കുറ്റകൃത്യങ്ങളേയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി<br>ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ജെയിംസ് മാത്യൂ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുറ്റകൃത്യങ്ങളേയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര സഹായ പദ്ധതിയുടെ നടത്തിപ്പിനായി ടെക്നോപാർക്കിൽ സ്ഥാപിക്കപ്പെട്ട ഡാറ്റാബേസിന്റെ ചുമതല ഏത് സ്ഥാപനത്തിനാണ്; വിശദമാക്കാമോ; പോലീസ് സ്റ്റേഷനുകളിൽ നിന്നും കോർ ആപ്ലിക്കേഷൻ സോഫ്റ്റുവെയറുകളിലേക്ക് എത്തുന്ന വിവരങ്ങൾ ഡാറ്റാബേസുകളിൽ സുരക്ഷിതമാണോ; | : (എ) കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ (KSITM) ചുമതലയിൽ ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് CCTNS പദ്ധതിയുടെ ഭാഗമായുള്ള ഡാറ്റാ ബേസ് ഉൾക്കൊള്ളുന്ന സെർവറും കമ്പ്യൂട്ടറുകളും മറ്റും ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. ഈ ഡാറ്റാ ബേസിന്റെ പരിപാലന ചുമതല 03.01.2012 ലെ സ.ഉ (സാധാ) നമ്പർ 10/2012/ആഭ്യന്തരം പ്രകാരം ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് ലിമിറ്റഡ് (TCS)നാണ് നൽകിയിട്ടുള്ളത്. പോലീസ് സ്റ്റേഷനുകളിൽ നിന്നും കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴി എത്തുന്ന വിവരങ്ങൾ ഡാറ്റാബേസുകളിൽ സുരക്ഷിതമാക്കുന്നതിനായി ബന്ധപ്പെട്ട കരാറിൽ നിബന്ധനകൾ/വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം നെറ്റ് വർക്കുകൾ വഴിയാണ് ഡാറ്റാബേസിൽ വിവരങ്ങൾ ശേഖരിക്കപ്പെടുന്നതെന്ന് വിശദമാക്കാമോ; | : (ബി) കേരളത്തിൽ രണ്ട് നെറ്റ് വർക്കുകളാണ് ഇതിനു വേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. (i) ബി.എസ്.എൻ.എൽ (BSNL) നെറ്റ് വർക്കും (ii) കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ (KSWAN) നെറ്റ് വർക്കും. |
| (സി) ഡാറ്റാസെന്ററിന്റെ ചുമതലയും നെറ്റ് വർക്കിന്റെ ചുമതലയും ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളെ കണ്ടെത്തിയത് ഏത് നിലയിലാണ്? | : (സി) CCTNS പദ്ധതിയ്ക്കായി പ്രത്യേകം ഡാറ്റാ സെന്റർ നിലവിലില്ല. എന്നാൽ KSITM ന്റെ ചുമതലയിൽ ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് CCTNS പദ്ധതിയുടെ ഭാഗമായുള്ള സെർവറും കമ്പ്യൂട്ടറുകളും മറ്റും ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായ നെറ്റ് വർക്കിന്റെ ചുമതല BSNL, KSITM (KSWAN) എന്നീ സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾക്കാണ്. |

സെക്ഷൻ ഓഫീസർ

21

# GOVERNMENT OF KERALA

**Abstract**

Home Department – Crime and Criminal Tracking Network and Systems – (CCTNS)- Sanction for placing work order of M/S Tata Consultancy Services Limited for the System Integration of the Project in Kerala- Accorded - Orders issued.

---

**HOME (E) DEPARTMENT**

**G.O. (Rt) No .10 / 2012/Home** **Dated, Thiruvananthapuram 3/1 /2012**

Read:- 1. GO (Rt) No. 1887/2011/Home dated 24-6-2011.

2. Letter No: H6 ( c) 47916/2008 (6) dated 24-11-2011 from the Director General of Police, Thiruvananthapuram.

**ORDER**

The Ministry of Home Affairs has conceptualized the Crime and Criminal Tracking Networking System (CCTNS) Project as a mission mode project under National e- Governance Plan. Now the State Police Chief in his letter read as 2nd paper above has reported that the *selection of System Integrator in Kerala has been completed through competitive bidding, and* M/s Tata Consultancy Service Limited has emerged the best bidder on Technical and Commercial evaluation criteria. Hence the State Police Chief has requested sanction to award the work order to M/S Tata Consultancy Services (TCS) Limited for the System Integration of CCTNS Project in Kerala for an amount of ₹ 4038. 72 Lakhs.

Government have examined the matter in detail and are pleased to accord Administrative Sanction to award the work order to M/S Tata Consultancy Services Limited the best bidder on Technical and Commercial aspect for the System Integration of CCTNS Project in Kerala for ₹4038 . 72 Lakhs (Rupees Forty Crores Thirty Eight Lakhs and Seventy Two Thousand only).

(By order of the Governor)
N.PARAMESWARAKUMAR,
Additional Secretary to Government.

To

The Director General of Police, Thiruvananthapuram,
The Principal Accountant General (Audit ) Kerala, Thiruvananthapuram,
The Accountant General (A & E) Kerala, Thiruvananthapuram.
(This issues with the concurrence of Finance Department)
The Inspector General of Police & Nodal Officer, CCTNS, SCRB, Thiruvananthapuram,
The Information & Public Relations (New Media Division) Department
(For publishing in the website)
The Finance Department
(Vide U.O. No. 98245/Exp.B3/2011/Fin dated 28-12-2011)
Stock File/Office Copy.

Forwarded/By order

Section Officer

S(SO)